# കാലാവസ്ഥാ വ്യതിയാനം: ജില്ലയിലും വേണം കരുതൽ

MM dt - 4/11/21

▶ ആഗോള കാലാവസ്ഥാ ഉച്ചകോടിക്കു ഗ്ലാസ്ഗോയിൽ തുടക്കം കുറിച്ച പശ്ചാത്തലത്തിൽ കാലാവസ്ഥ വ്യതിയാനവും ആഗോള താപനവും ജില്ലയെ എങ്ങനെ ബാധിക്കുമെന്ന കാര്യത്തിലും പ്രാദേശിക പഠനം അനിവാര്യമെന്ന് വിദഗ്ധർ

കാസർകോട് ● കാലാവസ്ഥ വ്യതിയാനം പെട്ടെന്നു തിരിച്ചറിയുന്നതു 2 രീതിയിലാണ്. മഴയുടെ ഏറ്റക്കുറച്ചിലും താപനിലയിലെ വർധനയും. ഇതിൽ മഴയുടെ അളവിൽ വന്ന മാറ്റം ജില്ലയിൽ എടുത്തു പറയേണ്ട ആശങ്കയാണ്.

ആഗോള കാലാവസ്ഥാ ഉച്ചകോടിക്കു സ്കോട്‌ലൻഡിലെ ഗ്ലാസ്ഗോയിൽ തുടക്കം കുറിച്ച പശ്ചാത്തലത്തിൽ കാലാവസ്ഥ വ്യതിയാനവും ആഗോള താപനിലയിലുള്ള വർധനയും ജില്ലയെ എങ്ങനെ ബാധിക്കുമെന്ന കാര്യത്തിലും പ്രാദേശിക പഠനം അനിവാര്യമെന്ന് വിദഗ്ധർ പറയുന്നു.

## മഴയില്ലാത്ത ദിവസങ്ങൾ കൂടി

ആകെ മഴയുടെ ലഭ്യതയിൽ ജില്ലയിൽ വലിയ മാറ്റം വന്നിട്ടില്ലെങ്കിലും 2015നു ശേഷം മാസം തോറും ലഭിക്കുന്ന മഴയിൽ സാരമായ വ്യത്യാസം ഉണ്ടായിട്ടുണ്ട്. പ്രധാനമായും വേനൽ മഴയിലാണ് ഈ കുറവ്. ജൂൺ, ജൂലൈ മാസങ്ങളിലെ മഴയില്ലാത്ത ദിവസങ്ങളുടെ എണ്ണത്തിലുള്ള വർധനയും നവംബർ മാസാവസാനം വരെ നീളുന്ന മഴക്കാലവും എന്ന പ്രത്യേകതയാണ് ഇപ്പോൾ ജില്ലയിലുള്ളത്.

## ഭൂഗർഭ ജല ഉപയോഗം കൂടി, ചെങ്കൽകുന്നുകൾ കുറയുന്നു

ജില്ലയിൽ ഭൂഗർഭ ജലത്തിന്റെ ഉപയോഗം വലിയ തോതിൽ വർധിച്ചിട്ടുണ്ട്. ജല വിനിയോഗത്തിൽ കരുതൽ തുടർന്നില്ലെങ്കിൽ വരൾച്ച കാരണമുള്ള വിള നാശം പ്രതീക്ഷിക്കുന്നതിലും കഠിനമായിരിക്കും. പ്രകൃതി വിഭവങ്ങളുടെ ഖനനവും ചൂഷണവും കടുത്ത ആശങ്കയാണ് ഉണ്ടാക്കുന്നത്. കൃഷിയിടങ്ങളും ചെങ്കൽ കുന്നുകളും പരക്കെ ഇല്ലാതാകുന്ന സ്ഥിതിയാണ് ഇപ്പോൾ.

## വാഹനങ്ങൾ കൂടി, മത്സ്യങ്ങൾ കുറഞ്ഞു

ഒരു തവണ മാത്രം ഉപയോഗിക്കുന്ന നിരോധിത പ്ലാസ്റ്റിക്കുകളുടെ ഉപയോഗം കോവിഡ് കാലത്ത് പതിന്മടങ്ങ് വർധിച്ചിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണവും കൂടുന്നുണ്ട്. എയർ കണ്ടിഷനർ, ഫ്രിജ് തുടങ്ങിയവയുടെ എണ്ണത്തിലും വൻ വർധന ആണ്. ജീവജാലങ്ങളുടെ പലായനം, മത്സ്യങ്ങളുടെ കുറവ് തുടങ്ങിയവ ജില്ലയിൽ ഏറെയുണ്ട്.

## അടിയന്തരമായി ചെയ്യേണ്ടത്

1. തണ്ണീർത്തടങ്ങളുടെ നാടാണ് കാസർകോട്. പക്ഷേ തീരപ്രദേശത്തെ കണ്ടൽ നശിപ്പിച്ച് കളിസ്ഥലവും റോഡും കെട്ടിട സമുച്ചയങ്ങളും പാർപ്പിടങ്ങളും ഏറെ ഉയർന്നു കഴിഞ്ഞു. ഇതു മാറി അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽ വനവൽക്കരണം നടപ്പിലാക്കണം. മണ്ണിന്റെ മേന്മ വർധിപ്പിക്കുന്നതിനും മലിനജലം ശുദ്ധീകരിക്കുന്നതിനും കടലാക്രമണം തടയുന്നതിനും കൊടുങ്കാറ്റിനെ തടയുന്നതിനും ഇതുവഴി സാധിക്കും.

2. ചെങ്കൽകുന്നുകളും കാവുകളും കുളങ്ങളും ഏറെയുള്ള ജില്ലയാണ് കാസർകോട്. പാരിസ്ഥിതിക പ്രാധാന്യമുള്ള ആയിരത്തി ഇരുന്നൂറോളം സസ്യജാലങ്ങൾ ജില്ലയിലുണ്ട്. പുല്ലാഞ്ഞി, മുള,കൈത,ഓട തുടങ്ങിയവ വരൾച്ചാ ഭീഷണി നേരിടുന്നവയാണ്. ഇത്തരം ജില്ലയിലെ ജൈവ വൈവിധ്യ സമ്പത്ത് മുഴുവൻ സംരക്ഷിക്കണം.

3. പച്ചപ്പ് നിലനിർത്താനും മലിനീകരണം തടയാനുമായി ജൈവ വൈവിധ്യ സംരക്ഷണ സമിതികൾ രൂപീകരിക്കണം. നിയമം കർശനമാക്കണം.



“പ്രകൃതി വിഭവങ്ങളുടെ ഖനനവും ചൂഷണവും കടുത്ത ആശങ്കയാണ് ഉണ്ടാക്കുന്നത്. ജില്ലയിലെ പല സ്ഥലങ്ങളിലും മാലിന്യ കൂമ്പാരമാണ്. മഞ്ഞു മലകൾ ഉരുകി സമുദ്ര ജലവിതാനം ഉയരുമ്പോൾ ജില്ലയിലെ തീരപ്രദേശങ്ങളും വെള്ളത്തിനടിയിലാകും.”

**പ്രഫ. വി.ഗോപിനാഥൻ, കാസർകോട്**



ജില്ലയിലെ ജൈവ വൈവിധ്യ സമ്പത്ത് സംരക്ഷിക്കപ്പെടണം. കൃഷിയിടങ്ങളും ചെങ്കൽകുന്നുകളും പരക്കെ ഇല്ലാതാകുന്ന സ്ഥിതിയാണ് ഇപ്പോൾ. നിയമം കർശനമാക്കണം.

**ഡിവൈഎസ്പി വി.ബാലകൃഷ്ണൻ, മുൻ മെംബർ സെക്രട്ടറി, സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്.**

# കാലാവസ്ഥാ വ്യതിയാനം വിളകളെ ബാധിക്കുമോ?

MM dt. 4/11/21



അനിത കരുൺ

മഴയിൽ വന്ന മാറ്റം ജില്ലയിലെ പ്രധാന വിളകളെ അധികം ബാധിക്കില്ലെന്ന് കാസർകോട് സിപിസിആർഐ ഡയറക്ടർ അനിത കരുൺ പറഞ്ഞു. മണ്ണിനും വെള്ളത്തിനും ആവശ്യം വേണ്ട സംരക്ഷണ മാർഗം അവലംബിച്ചാൽ മികച്ച വിളവും ലഭിക്കും. മഴക്കാലം കഴിയുന്നതിനു മുൻപ് തെങ്ങിൻ തടത്തിൽ പുതയിടണം.

തെങ്ങോലയ്ക്കു പുറമേ വീട്ടുവളപ്പിൽ നിന്നു ലഭിക്കുന്ന ചപ്പ്, തടത്തിൽ തന്നെ വളർത്തിയ പയർ മുതലായ പച്ചില വിളകൾ തുടങ്ങിയവ പുതയിടാൻ ഉപയോഗിക്കാം. കൃഷിയിടങ്ങളിൽ കുഴിയെടുത്ത് തൊണ്ടു നിരത്തി പാഴായി പോകുന്ന മഴവെള്ളം സംഭരിക്കാം. ഇത്തരം മഴവെള്ള സംരക്ഷണ മാർഗങ്ങൾ ഒരിക്കലും കൃഷിയിടത്തിലെ ചെരിവിന് ഒപ്പമായിരിക്കരുത്. ഒഴുകി വരുന്ന വെള്ളത്തെ തടുക്കാൻ പറ്റുന്ന വിധത്തിലാകണം. തൊണ്ട് ഇവിടെ തീരെ ഉപയോഗിക്കുന്നില്ല.

കാലാവസ്ഥ വ്യതിയാനം സാരമായി ബാധിക്കാൻ സാധ്യതയുള്ള വിളയാണ് കമുക്. കൊക്കോ, കശുമാവ് തുടങ്ങിയ ദീർഘ കാല വിളകൾ ഒരു നിശ്ചിത അനുപാതത്തിൽ കമുകിൻ തോപ്പുകളിൽ ഘട്ടംഘട്ടമായി ഉൾപ്പെടുത്തണം.



മാറി വരുന്ന കാലാവസ്ഥയിൽ രോഗ പ്രതിരോധ ശേഷി വർധിപ്പിക്കാനും വരൾച്ചയെ അതിജീവിക്കാനും സംയോജിത വള പ്രയോഗം ഗുണം ചെയ്യും.

ജില്ലയിലെ കടലോര പ്രദേശങ്ങളിൽ വിളകൾക്ക് പ്രശ്നങ്ങളുണ്ട്. കടൽ വെള്ളം കയറി ലവണാംശം അധികരിക്കുക, ആദ്യ മഴയെത്തുടർന്ന് ഇലകൾ ലവണാംശ നിക്ഷേപത്തെത്തുടർന്നു ഉണങ്ങി പോകുക തുടങ്ങിയവാണ് ഇത്. അപ്രതീക്ഷിത മഴ, കാറ്റ്, വരൾച്ച തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ കർഷകർ വിള ഇൻഷുറൻസ് നിർബന്ധമായും എടുക്കണം.

കേരളത്തിലെ മണ്ണിന് അനുയോജ്യമായ സൂക്ഷ്മ പോഷകങ്ങളുടെ മിശ്രിതം സിപിസിആർഐയിൽ വികസിപ്പിച്ചിട്ടുണ്ടെന്നും അനിത കരുൺ പറഞ്ഞു.